# അക്രമകാരികളായ തെരുവുനായ്ക്കളെ ദയാവധം ചെയ്യാമെന്ന് സുപ്രീംകോടതി

സംസ്ഥാനത്തുടനീളം തെരുവുനായ്ക്കളുടെ ആക്രമണം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും വളരെയധികം മനുഷ്യരും - പ്രത്യേകിച്ച് കുട്ടികളും വൃദ്ധരും - വളർത്തുമൃഗങ്ങളും അവയുടെ ആക്രമണത്തിന് ഇരയാകുന്നു. പലർക്കും മാരകമായ പരിക്കുകളും ചിലർക്ക് പേവിഷബാധയും ഏല്ക്കുകയും ചെയ്യുന്നു.

മനുഷ്യജീവനു ഭീഷണിയാകുന്ന സാഹചര്യങ്ങളിൽ അപകടകാരികളും അക്രമകാരികളുമായ തെരുവുനായ്ക്കളെ ദയാവധം ചെയ്യാൻ സുപ്രീംകോടതി ഇപ്പോൾ അനുമതി നൽകിയിരിക്കുകയാണ്. തെരുവുനായ്ക്കളെ റോഡുകളിൽ നിന്നും പൊതുസ്ഥലങ്ങളിൽ നിന്നും മാറ്റണമെന്ന 2025 നവംബറിലെ ഉത്തരവിൽ മാറ്റം വരുത്താൻ സുപ്രീംകോടതി വിസമ്മതിക്കുകയും ചെയ്തു. പൊതുസ്ഥലങ്ങളിലെ തെരുവുനായ സാന്നിധ്യം ആശങ്കാജനകമായ രീതിയിൽ വർധിച്ചിരിക്കുകയാണെന്ന് കോടതി നിരീക്ഷിച്ചു. കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് നേരെ ആക്രമണമുണ്ടാകുന്ന സംഭവങ്ങൾ അവഗണിക്കാൻ കഴിയില്ലെന്നും കോടതി വ്യക്തമാക്കി.

പൊതുവെ മനുഷ്യരുമായി ഇടപഴകി ജീവിക്കുന്ന മൃഗമാണെങ്കിലും പല സമയത്തും ഇവ ആക്രമണകാരികളായി മാറുന്നു. ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് തെരുവുനായ്ക്കൾ കൂട്ടം ചേരുന്നതിന് കാരണവുമാകുന്നു. ഇത്തരം അക്രമാസക്തരായ ആയിരക്കണക്കിനു നായ്കൾ ഇന്ന് കേരളത്തിലെ തെരുവുകളിൽ പൊതുസ്ഥലങ്ങളിലും ഉണ്ടെന്നാണ് പറയുന്നത്. ഇവയ്ക്ക് പേവിഷപ്രതിരോധവാക്സിൻ നല്കുകയാണ് ഏറ്റവും അടിയന്തരമായി നടപ്പാക്കേണ്ടത്. പക്ഷേ, നായകളെ പിടികൂടാൻ പരിശീലനം ലഭിച്ചവരുടെ കുറവ് പലയിടത്തും അനുഭവപ്പെടുന്നുണ്ട് എന്നതാണ് വാസ്തവം.

തെരുവുനായ്ക്കളുടെ പെരുപ്പത്തിന് അനുസരിച്ച് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനസർക്കാരുകൾ പരാജയപ്പെട്ടതായി സുപ്രീംകോടതി വിമർശിച്ചു. ആസൂത്രണമില്ലാതെയാണ് വന്ധ്യംകരണവും വാക്സിനേഷനും നടപ്പാക്കിയതെന്നും, കൃത്യമായ ദീർഘവീക്ഷണത്തോടെ സംസ്ഥാനസർക്കാരുകൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ സ്ഥിതി ഇത്രയും വഷളാവുകയില്ലായിരുന്നെന്നും കോടതി ചൂണ്ടിക്കാട്ടി.

നായ്ക്കളെ വീട്ടിൽ വളർത്തുന്നതിലും അവയെ സംരക്ഷിക്കുന്നതിലും സ്നേഹിക്കുന്നതിലും തെറ്റുപറയാനാവില്ല. പക്ഷേ, അങ്ങനെയുള്ളവർ നായ്ക്കളെ സ്വന്തം വീട്ടുവളപ്പിൽതന്നെ അവയ്ക്കാവശ്യമായ ഭക്ഷണവും ശുശ്രൂഷയും നല്കി സംരക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയാണ് വേണ്ടത്. അവ ഒരു കാരണവശാലും തെരുവിൽ ഇറങ്ങി, മറ്റു നായ്ക്കളുമായി സമ്പർക്കം പുലർത്താതിരിക്കാൻ നിരന്തരമായ ശ്രദ്ധ അവർക്ക് ഉണ്ടായിരിക്കേണ്ടതുമാണ്.

തെരുവിൽ അലഞ്ഞുനടക്കുന്ന നായ്ക്കളെ പിടികൂടി, അവ വീണ്ടും തെരുവിലിറങ്ങാതെ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള സ്ഥലത്ത് സംരക്ഷിക്കുകയും അതുവഴി ജനങ്ങളുടെ ആശങ്കയും ഭയവും അകറ്റുകയും ചെയ്യാനുള്ള സത്വരനടപടികൾ സർക്കാരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്വീകരിക്കേണ്ടത് അനിവാര്യമാണ്.